**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2687** **06-10-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയപാത നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ പ്രാധാന്യവും സാധ്യതയും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) | **(എ)** ഉണ്ട്. 2019-ൽ കേരളത്തിന്റെ കയർ വകുപ്പ് മന്ത്രി മുഖാന്തിരം കേന്ദ്ര ഉപരിതല വകുപ്പ് മന്ത്രിയ്ക്ക് കയർ ഭൂവസ്ത്രത്തിന്റെ സാധ്യതകൾ പ്രതിപാദിച്ച് കത്ത് നൽകുകയും, കയർ കോർപ്പറേഷൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർ ബഹു.മന്ത്രിയെ നേരിൽ സന്ദർശിക്കുകയും ചെയ്തിരുന്നു. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ദേശീയപാത അതോറിറ്റിയെ കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും ഉപയോഗസാധ്യതകളും, കയറിന്റെയും സവിശേഷതകളും ബോധ്യപ്പെടുത്തുകയും അതോറിറ്റിയുമായി ചേർന്നുകൊണ്ട് മീഡിയനുകളിൽ കയർ ഭൂവവസ്ത്രം ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കുവാൻ ധാരണയാകുകയും, ആദ്യഘട്ടമായി 120 മീറ്റർ നീളത്തിൽ നിലവിലുള്ള മീഡിയനിൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അനുഭാവപൂർവ്വമായ നടപടികൾ ദേശീയപാത അതോറിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | **(ബി)** പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (PMGSY) പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിന്റെ നിശ്ചിത ശതമാനം കയർ ഭൂവസ്ത്രം ഉൾപ്പടെയുള്ള പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന് ധാരണയായിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസും (IRC) അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേ അതോറിറ്റിയുടെ കീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന സാങ്കേതിക വിദ്യകളും, ഭൂവസ്ത്രം ഉൾപ്പടെയുള്ള നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുവാൻ ധാരണയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | NCRMI ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് കയർ ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് മീഡിയനുകളെ സൗന്ദര്യവത്കരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ